"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) - ജീവനക്കാര്യം - കെ.യു.ആർ.ഡി.എഫ്.സി. ജീവനക്കാർക്ക് പത്താമത്തെയും പതിനൊന്നാമത്തെയും ശമ്പള പരിഷ്കരണം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.137/2023/LSGD തീയതി,തിരുവനന്തപുരം, 06-07-2023

പരാമർശം:-
1. സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03/08/2013.
2. സ.ഉ.(അച്ചടി) നം. 7/2016/ഫിൻ തീയതി 20.01.2016.
3. സ.ഉ.(അച്ചടി) നം. 27/2021/ധന തീയതി 10/02/2021.
4. സ.ഉ.(കൈ) നം. 159/2021/തസ്വഭവ തീയതി 30/07/2021
5. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 26/04/2022 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി./എ2/228/2019 നമ്പർ കത്ത്.

**ഉത്തരവ്**

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് പരാമർശം (1) പ്രകാരം ഒൻപതാം ശമ്പള പരിഷ്കരണം അനുവദിക്കുകയും പരാമർശം (4) പ്രകാരം സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുകയുമുണ്ടായി.

2) പരാമർശം (5) പ്രകാരം കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് പത്താമത്തെയും പതിനൊന്നാമത്തെയും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.യി) ജീവനക്കാർക്ക് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണവും പരാമർശം (3) ഉത്തരവ് പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണവും ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ശമ്പളഘടനയുടെ പൊതുചട്ടക്കൂട് അന്തിമമാക്കുമ്പോൾ ആയത് ബാധകമാകുന്നതാണ്;

ii. 10-ാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നോഷണലായിരിക്കുന്നതാണ്;

**iii.** 11-ാം ശമ്പള പരിഷ്കരണത്തിന് 01/07/2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | തസ്തികകളുടെ എണ്ണം | 9-ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ച കിട്ടിയ ശമ്പള സ്കെയിൽ (നിലവിലുള്ള ശമ്പള സ്കെയിൽ) | 10-ാം ശമ്പള പരിഷ്കരണം പ്രകാരം (നോഷണലായി) അനുവദിച്ച നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ | 11-ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ച നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 1 | 18740-33680 | 35700-75600 | 50200-105300 |
| 2 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 | 16180-29180 | 30700-65400 | 43400-91200 |
| 3 | അസിസ്റ്റന്റ് ഗ്രേഡ്-1 | 1 | 13900-24040 | 26500-56700 | 37400-79000 |
| 4 | അസിസ്റ്റന്റ് ഗ്രേഡ്-2 | 1 | 11620-20240 | 22200-48000 | 31100-66800 |
| 5 | സ്റ്റെനോഗ്രാഫർ ഗ്രേഡ്-2 | 2 | 11620-20240 | 22200-48000 | 31100-66800 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 1 | 11620-20240 | 22200-48000 | 31100-66800 |
| 7 | പ്യൂൺ കം ഡ്രൈവർ | 3 | 9190-15780 | 18000-41500 | 25100-57900 |
| 8 | പ്യൂൺ | 1 | 8500-13210 | 16500-35700 | 23000-50200 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 4250-6700 | 8200-13340 | 11500-18940 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E1193331-PUC-2/157/2019-Fin dated 02/03/2023)
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/59/2019/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 07-07-2023 10:22:00
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-07-2023

ഫയൽ നം. തസ്വഭവ-ഐഎ2/59/2019/തസ്വഭവ. ഇനം നം: 1614

വിഷയം : തദ്ദേശ-സ്വയംഭരണ വകുപ്പ് - കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് 10, 11 ശമ്പളപരിഷ്കരണം - സർക്കാർ ജീവനക്കാർക്ക് സ.ഉ.(അച്ചടി) നം.7/2016/ഫിൻ. തീയതി 20.01.2016 പ്രകാരം അനുവദിച്ച 10-ാം ശമ്പള പരിഷ്കരണം നോഷണലായിരിക്കുമെന്നും; 10-ാം ശമ്പള പരിഷ്കരണവും സ.ഉ.(അച്ചടി) നം.27/2021/ധന. തീയതി 10.02.2021 പ്രകാരം അനുവദിച്ച 11-ാം ശമ്പള പരിഷ്കരണം 01.07.2019 പ്രാബല്യത്തിലും; പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ശമ്പളഘടനയുടെ പൊതുചട്ടക്കൂട് അന്തിമമാക്കുമ്പോൾ ആയത് ബാധകമാകുന്നതാണ് എന്നുമുള്ള വ്യവസ്ഥകളോടെ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

5/7/23

JS(IA)

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | LSGD-IA2/59/2019-LSGD |
| 2 | Department | : | LOCAL SELF GOVERNMENT (IA) DEPARTMENT |
| 3 | Subject | : | Sanctioning of 10th and 11th pay revision benefits to the employees of Kerala Urban and Rural Development Finance Corporation Limited (KURDFC), as granted to State Government employees vide G.O(P)No.7/2016/Fin dtd 20/01/2016 & G.O(P)No.27/2021/Fin dtd 10/02/2021 respectively, subject to the conditions that the common frame work of salary structure for Public Sector Undertakings will be adopted on finalisation of the same; the 10th pay revision will be notional; and 11th pay revison will be granted with effect from 01/07/2019. |
| 4 | Date of Chief Minister's order for placing before the Council | : | 17/02/2023 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | No |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Leena N.P. |
| 8 | Name of the Principal Secretary who approved the Draft Note | : | Dr. Sharmila Mary Joseph |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 15/06/2023 |
| 10 | Name of Chief Secretary, who approved the Draft Note | : | Sri. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 21/06/23 |
| 12 | Name of Minister who approved the Draft Note | : | Sri. M.B.Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 25/06/23 |
| 14 | Date of submission of fair copies | : | 27/06/23 |
| 15 | Date of decision by the Council of Ministers | : | 05/07/2023 |
| 16 | Number and date of the G.O./letter communicating the decision | : | G.O.(Ms) No. 137/2023/LSGD dated 6/7/2023 |

<u>Note for the Council of Ministers</u>

This note is regarding granting of the 10th and 11th pay revision benefits to the employees of Kerala Urban and Rural Development Finance Corporation Limited (KURDFC) as sanctioned to the State Government Employees, vide G.O.(P) No.7/2016/FIN dated 20.01.2016 and G.O.(P) No. 27/2021/Fin dated 10/02/2021 respectively.

2. The Managing Director, KURDFC requested vide proposal dtd 26/04/2022 to grant the 10th and 11th pay revision to the employees of KURDFC.

3. When the file was forwarded to Finance Department, on 30.11.2021 that Department remarked as follows:-

> *"As KURDFC is a PSU included in the Expert Committee Report and the action for implementing the recommendations of the Committee is in progress, AD is requested to await the orders to be issued in this regard."*

4. UO note was sent to the Finance Department for clarification as to whether the order has been issued as per the above remarks and on 24.02.2022 that department remarked as follows:

> *"എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്ന ഫയലിൽ കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാർക്ക് 10,11 ശമ്പള പരിഷ്കരണം സംബന്ധിച്ച ശിപാർശകൾ മന്ത്രിസഭായോഗ തീരുമാനത്തിനായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുള്ള വിവരം അറിയിക്കുന്നു."*

5. Subsequently, Finance Department was requested to specify the conditions to be included in the Pay Revision order and that Department furnished the following remarks on 24.05.2022.

*"'സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള/വേതന ഘടനയ്ക്ക് ഒരു common frame work രൂപീകരിക്കുന്നത് സംബന്ധിച്ച് എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്ന ധന വകുപ്പ് ഫയലിൽ പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ മന്ത്രിസഭായോഗ തീരുമാനത്തിനായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു."'*

6. The Hon'ble Chief Minister directed the Department to ascertain the proposal of the Finance Department regarding the preparation of a common framework for deciding salary/wage structure of Public Sector Undertakings.

7. Finance Department, in response, remarked on 05/08/2022 as follows:

*"കെ.യു.ആർ.ഡി.എഫ്.സി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വേതന ഘടനയ്ക്ക് ഒരു കോമൺ ഫ്രെയിം വർക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച എക്സ്പേർട്ട് കമ്മിറ്റി ശിപാർ ശകൾ പരിശോധിക്കുന്ന ഫയലിന്മേൽ, പ്രസ്തുത ശിപാർശകൾ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നുള്ള വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".*

8. On further examination of file, the Hon'ble Chief Minister ordered to take necessary action to grant 10th & 11th Pay Revision to the employees of KURDFC on condition that necessary changes can be made in the pay revision order when the common framework for salary structure of public sector organizations is implemented.

9. The file was again forwarded to Finance Department for obtaining the conditions to be included in the 10th & 11th Pay Revision orders to be granted to the employees of KURDFC as per the approved staff pattern and that department furnished the following remarks on 02.03.2023:-

*"സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു പൊതു ശമ്പള/വേതന ഘടന രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള Expert Committee Report -ലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.131/2022/ധന തീയതി 29.10.2022 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ Board Level Executives (MD/CEO), Below Board Level Executives, Staff Category (Not covered under LTA) എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ 31.12.2016 പ്രാബല്യത്തിൽ 2nd CPSE സ്കെയിലുകളിലേയ്ക്ക് പ്ലെയ്സ് ചെയ്യുന്നതിനും യോഗ്യരായ പൊതുമേഖലാസ്ഥാപനങ്ങളിലെ മേൽ വിഭാഗം ജീവനക്കാർക്ക് 01.01.2017 മുതൽ 3rd CPSE പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ A, B, C, D എന്നിങ്ങനെ 4 കാറ്റഗറികളായി തരം തിരിക്കേണ്ടതുണ്ട്. നിലവിൽ 7, 8, 9 സ്റ്റേറ്റ് ശമ്പള പരിഷ്കരണത്തിൽ തുടരുന്ന വിവിധ സ്ഥാപനങ്ങളിലെ മേൽ പ്പറഞ്ഞ വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്ലെയ്സ്മെന്റ് സ്കെയിലുകൾ സംബന്ധിച്ച് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ക്ലാസ്സിഫൈ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് Planning(BPE)Department ആണ്.*

*കെ.യു.ആർ.ഡി.എഫ്.സി ജീവനക്കാരുടെ 10, 11 ശമ്പള പരിഷ്കരണം സംബന്ധിച്ച് ഭരണവകുപ്പ് നടപ്പ് ഫയലിലെ നോട്ട്#263 -ലെ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ സ.ഉ (കൈ) നം.159/2021/തസ്വഭവ തീയതി 30/07/2021 പ്രകാരമുള്ള സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെട്ടിട്ടുള്ള KURDFC യിലെ തസ്തികകൾക്ക് പത്താം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നോഷണലായിരിക്കുമെന്നുള്ള നിബന്ധനയിൽ 10, 11 ശമ്പളപരിഷ്കരണങ്ങൾ അനുവദിക്കുന്നതിനായി* മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

*ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരവുമുണ്ട്."*

10. As per the Staff pattern orders, there are 18 posts in KURDFC out of these 9 posts are filled by direct recruitment, 3 posts are filled by promotion, 4

posts are on deputation basis, one post by retainership and one post by contract appointment. The details of posts may be seen in the table below. As reported by the Managing Director, the additional expenditure expected for the implementation of the 10th Pay Revision is Rs. 3,70,464/- and that for the 11th Pay Revision is Rs. 7,26,564/- and the salary and allowances of the employees are met from the own fund of the company for employees from serial No. 7 to 15 (12 posts). The company has not received grant/ financial aid from the Government.

11. Details of posts & pay scales in KURDFC are listed below:

| Sl. No. | Name of posts | No. of posts | Scale of pay sanctioned as per 9th Pay Revision (Present Scale of Pay) | Proposed Scale of pay to be sanctioned as per 10th Pay Revision. | Proposed Scale of pay to be sanctioned as per 11th Pay Revision. | Mode of appointment |
|---|---|---|---|---|---|---|
| 1 | Managing Director | 1 | - | - | - | Deputation/ Government appointment |
| 2 | Administrative Officer | 1 | - | - | - | Deputation |
| 3 | Assistant Manager (Project Town Planner) | 1 | - | - | - | Deputation from Town & Country Planning Department |
| 4 | Accounts Officer | 1 | - | - | - | Deputation |
| 5 | Company Secretary | 1 | - | - | - | Retainership |
| 6 | Finance Manager | 1 | - | - | - | Contract |
| 7 | Section Officer | 1 | 18740-33680 | 35700-75600 | 50200-105300 | Promotion |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 8 | Sr. Grade Assistant | 1 | 16180-29180 | 30700-65400 | 43400-91200 | Promotion |
| 9 | Assistant Grade 1 | 1 | 13900-24040 | 26500-56700 | 37400-79000 | Promotion |
| 10 | Assistant Grade 2 | 1 | 11620-20240 | 22200-48000 | 31100-66800 | PSC |
| 11 | Stenographer Grade-2 | 2 | 11620-20240 | 22200-48000 | 31100-66800 | PSC |
| 12 | Typist Grade - 2 | 1 | 11620-20240 | 22200-48000 | 31100-66800 | PSC |
| 13 | Peon cum Driver | 3 | 9190-15780 | 18000-41500 | 25100-57900 | PSC |
| 14 | Peon | 1 | 8500-13210 | 16500-35700 | 23000-50200 | PSC (Compassionate Employment Scheme ordered) |
| 15 | Part Time Sweeper | 1 | 4250-6700 | 8200-13340 | 11500-18940 | Through Employment exchange |

12. The Finance Department has informed that the Hon'ble Chief Minister ordered to place the matter of sanctioning the 10th & 11th Pay Revision benefits to the employees of KURDFC before the Council of Ministers in the file number PUC - 2/157/2019-Fin of the Finance (PU-C) Department on 17/02/2023.

<u>POINT FOR DECISION</u>

Whether the benefits of 10th & 11th pay revision granted to the State Government employees vide G.O(P)No.7/16/Fin dtd 20/01/2016 & G.O(P)No.27/2021/Fin dtd 10/02/2021 respectively may be granted to the employees of Kerala Urban and Rural Development Finance Corporation Limited (KURDFC), subject to the conditions :

i) that the common framework for salary structure for Public Sector Undertakings will be adopted on finalisation of the same

ii) that 10th Pay Revision benefits will be granted notionally and

iii) that the 11th pay revision benefits will be granted with effect from 01/07/2019?

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ-ഐഎ 2/59/2019-തസ്വഭവ. |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി) ജീവനക്കാർക്ക് 10, 11 ശമ്പള പരിഷ്കരണം - സർക്കാർ ജീവനക്കാർക്ക് സ.ഉ.(അച്ചടി) നം. 7/2016/ഫിൻ തീയതി 20.01.2016 പ്രകാരം അനുവദിച്ച 10-ാം ശമ്പളപരിഷ്കരണം നോഷണലായിരിക്കുമെന്നും; 10-ാം ശമ്പള പരിഷ്കരണവും സ.ഉ.(അച്ചടി) നം. 27/2021/ധന തീയതി 10/02/2021 പ്രകാരം അനുവദിച്ച 11-ാം ശമ്പള പരിഷ്കരണം 01/07/2019 പ്രാബല്യത്തിലും; പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ശമ്പളഘടനയുടെ പൊതുചട്ടക്കൂട് അന്തിമമാക്കുമ്പോൾ ആയത് ബാധകമാകുന്നതാണ് എന്നുമുള്ള വ്യവസ്ഥകളോടെ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17/02/2023 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/06/23 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/06/23 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി. രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/06/23 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/06/23 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 05/07/2023 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | സ.ഉ.(കൈ) നം. 137/2023/തസ്വഭവ തീയതി 6/7/2023 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ.ഉ.(അച്ചടി) നം. 7/2016/ഫിൻ തീയതി 20.01.2016 പ്രകാരം അനുവദിച്ച 10-ാം ശമ്പള പരിഷ്കരണത്തിന്റെയും സ.ഉ.(അച്ചടി) നം. 27/2021/ധന തീയതി 10/02/2021 പ്രകാരം അനുവദിച്ച 11-ാം ശമ്പള പരിഷ്കരണത്തിന്റെയും ആനുകൂല്യങ്ങൾ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി) ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. കെ.യു.ആർ.ഡി. എഫ്.സി–യിലെ ജീവനക്കാർക്ക് 10-ാമത്തെയും 11-ാമത്തെയും ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന് കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ 26.04.2022 – ൽ സമർപ്പിച്ച ശുപാർശയിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയുണ്ടായി. ആ വകുപ്പ് 30.11.2021 ൽ താഴെപറയുന്ന അഭിപ്രായം രേഖപ്പെടുത്തി :-

> *"As KURDFC is a PSU included in the Expert Committee Report and the action for implementing the recommendations of the Committee is in progress, AD is requested to await the orders to be issued in this regard."*

4. മേൽ അഭിപ്രായ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് ധനകാര്യ വകുപ്പിന് അനൗദ്യോഗിക കുറിപ്പ് നൽകുകയും തുടർന്ന് ടി വകുപ്പിൽ നിന്നും 24.02.2022 തീയതിയിൽ ലഭ്യമായ മറുപടി ചുവടെ കണ്ടാലും.

> *"എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്ന ഫയലിൽ കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാർക്ക് 10,11 ശമ്പള പരിഷ്കരണം സംബന്ധിച്ച ശിപാർശകൾ മന്ത്രിസഭായോഗ തിരുമാനത്തിനായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുള്ള വിവരം അറിയിക്കുന്നു."*

5. തുടർന്ന് ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ എന്തായിരിക്കണമെന്ന കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് 24.05.2022 ൽ ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

> *"'സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള/വേതന ഘടനയ്ക്ക് ഒരു common frame work രൂപീകരിക്കുന്നത് സംബന്ധിച്ച് എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്ന ധന വകുപ്പ് ഫയലിൽ പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ മന്ത്രിസഭായോഗ തീരുമാനത്തിനായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു.'"*

6. പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള/വേതന ഘടന നിശ്ചയിക്കുന്നതിനുള്ള പൊതു ചട്ടക്കൂട് തയാറാക്കുന്നത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ നിർദ്ദേശം പരിശോധിക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകി.

7. മേൽപറഞ്ഞ ഉത്തരവ് പ്രകാരം, ധനകാര്യ വകുപ്പ് 05.08.2022 ന് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

*"കെ.യു.ആർ.ഡി.എഫ്.സി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വേതന ഘടനയ്ക്ക് ഒരു കോമൺ ഫ്രെയിം വർക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച എക്സ്പേർട്ട് കമ്മിറ്റി ശിപാർശകൾ പരിശോധിക്കുന്ന ഫയലിന്മേൽ, പ്രസ്തുത ശിപാർശകൾ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നുള്ള വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".*

8. ഫയലിന്റെ തുടർ പരിശോധനയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വേതന ഘടനയുടെ പൊതു ചട്ടക്കൂട് നിലവിൽവരുമ്പോൾ അതിന് ആവശ്യമായ മാറ്റങ്ങൾ ശമ്പള പരിഷ്കരണ ഉത്തരവിൽ നടപ്പിലാക്കണമെന്ന വ്യവസ്ഥയോടെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിലെ ജീവനക്കാർക്ക് പത്താമത്തേയും പതിനൊന്നാമത്തേയും ശമ്പള പരിഷ്കരണം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

9. അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 10-ാമത്തെയും 11-ാമത്തെയും ശമ്പള പരിഷ്കരണം കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാർക്ക് അനുവദിച്ചു നൽകേണ്ട ഉത്തരവിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ ലഭ്യമാക്കുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് നൽകിയപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കുന്ന 02.03.2023 ലെ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

*"സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു പൊതു ശമ്പള/വേതന ഘടന രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള Expert Committee Report -ലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.131/2022/ധന തീയതി 29.10.2022 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ Board Level Executives (MD/CEO), Below Board Level Executives, Staff Category (Not covered under LTA) എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ 31.12.2016 പ്രാബല്യത്തിൽ 2nd CPSE സ്കെയിലുകളിലേയ്ക്ക് പ്ലെയ്സ് ചെയ്യുന്നതിനും യോഗ്യരായ പൊതുമേഖലാസ്ഥാപനങ്ങളിലെ മേൽ വിഭാഗം ജീവനക്കാർക്ക് 01.01.2017 മുതൽ 3rd CPSE പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ A, B, C, D എന്നിങ്ങനെ 4 കാറ്റഗറികളായി തരം തിരിക്കേണ്ടതുണ്ട്. നിലവിൽ 7, 8, 9 സ്റ്റേറ്റ് ശമ്പള പരിഷ്കരണത്തിൽ തുടരുന്ന വിവിധ സ്ഥാപനങ്ങളിലെ മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്ലെയ്സ്മെന്റ് സ്കെയിലുകൾ സംബന്ധിച്ച് ടി*

*ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ക്ലാസ്സിഫൈ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് Planning(BPE)Department ആണ്.*

*കെ.യു.ആർ.ഡി.എഫ്.സി ജീവനക്കാരുടെ 10, 11 ശമ്പള പരിഷ്കരണം സംബന്ധിച്ച് ഭരണവകുപ്പ് നടപ്പ് ഫയലിലെ നോട്ട്#263 -ലെ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ സ.ഉ (കൈ) നം.159/2021/തസ്വഭവ തീയതി 30/07/2021 പ്രകാരമുള്ള സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെട്ടിട്ടുള്ള KURDFC യിലെ തസ്തികകൾക്ക് പത്താം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നോഷണലായിരിക്കുമെന്നുള്ള നിബന്ധനയിൽ 10, 11 ശമ്പളപരിഷ്കരണങ്ങൾ അനുവദിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരവുമുണ്ട്."*

10. കെ.യു.ആർ.ഡി.എഫ്.സി.യുടെ സ്റ്റാഫ് പാറ്റേൺ ഉത്തരവ് പ്രകാരം 18 തസ്തികകൾ നിലവിലുണ്ട്. ടി തസ്തികകളിൽ 9 എണ്ണം നേരിട്ടുള്ള നിയമനത്തിലൂടെയും 3 എണ്ണം സ്ഥാനക്കയറ്റം മുഖേനയും 4 എണ്ണം അന്യത്രസേവന വ്യവസ്ഥയിലും ഒന്ന് റീട്ടെയ്നർഷിപ്പ് മുഖാന്തിരവും ഒന്ന് കരാറടിസ്ഥനത്തിലും നിയമനം നടത്തുന്നതാണ്. തസ്തികകളുടെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കണ്ടാലും. ക്രമ നമ്പർ 7 മുതൽ 15 വരെയുള്ള (12 തസ്തികകൾ) ജീവനക്കാർക്കു വേണ്ടി 10-ാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി.ക്ക് വേണ്ടി വരുന്ന അധിക വാർഷിക ചെലവ് 3,70,464/- രൂപയും 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കമ്പനിക്ക് വേണ്ടി വരുന്ന അധിക വാർഷിക ചെലവ് 7,26,564/- രൂപയുമാണ് എന്നും തനത് ഫണ്ടിൽ നിന്നുമാണ് ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യുന്നതെന്നും സർക്കാരിൽ നിന്നും ഗ്രാന്റോ മറ്റ് ധനസഹായമോ കമ്പനിക്ക് ലഭ്യമാകുന്നില്ലെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നൽകി.

11. കെ.യു.ആർ.ഡി.എഫ്.സി.യിലെ തസ്തികകളും ശമ്പള സ്കെയിലും താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തികകളുടെ പേര് | തസ്തികകളുടെ എണ്ണം | 9–ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ചു കിട്ടിയ ശമ്പള സ്കെയിൽ (നിലവിലുള്ള ശമ്പള സ്കെയിൽ) | 10–ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ചു നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ | 11–ാം ശമ്പള പരിഷ്കരണം പ്രകാരം അനുവദിച്ചു നല്കേണ്ട ആനുപാതിക ശമ്പള സ്കെയിൽ | നിയമന രീതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | – | – | – | ഡെപ്യൂട്ടേഷൻ / സർക്കാർ നിയമനം |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | – | – | – | ഡെപ്യൂട്ടേഷൻ |
| 3. | അസിസ്റ്റന്റ് മാനേജർ (പ്രോജക്ട് ടൗൺ പ്ലാനർ) | 1 | – | – | – | ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ നിയമനം |
| 4. | അക്കൗണ്ട്സ് ഓഫീസർ | 1 | – | – | – | ഡെപ്യൂട്ടേഷൻ |
| 5. | കമ്പനി സെക്രട്ടറി | 1 | – | – | – | റീട്ടെയിനർഷിപ്പ് |
| 6. | ഫിനാൻസ് മാനേജർ | 1 | – | – | – | കരാർ നിയമനം |
| 7 | സെക്ഷൻ ഓഫീസർ | 1 | 18740–33680 | 35700–75600 | 50200–105300 | പ്രോമോഷൻ |
| 8 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 | 16180–29180 | 30700–65400 | 43400–91200 | പ്രോമോഷൻ |
| 9 | അസിസ്റ്റന്റ് ഗ്രേഡ്–1 | 1 | 13900–24040 | 26500–56700 | 37400–79000 | പ്രോമോഷൻ. |
| 10 | അസിസ്റ്റന്റ് ഗ്രേഡ്–2 | 1 | 11620–20240 | 22200–48000 | 31100–66800 | പി.എസ്.സി. |
| 11 | സ്റ്റെനോഗ്രാഫർ ഗ്രേഡ്–2 | 2 | 11620–20240 | 22200–48000 | 31100–66800 | പി.എസ്.സി. |
| 12 | ടൈപ്പിസ്റ്റ് ഗ്രേഡ്–2 | 1 | 11620–20240 | 22200–48000 | 31100–66800 | പി.എസ്.സി. |
| 13 | പ്യൂൺ കം ഡ്രൈവർ | 3 | 9190–15780 | 18000–41500 | 25100–57900 | പി.എസ്.സി. |
| 14 | പ്യൂൺ | 1 | 8500–13210 | 16500–35700 | 23000–50200 | പി.എസ്.സി (ആശ്രിത നിയമനം നടത്തിയത്) |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 | 4250–6700 | 8200–13340 | 11500–18940 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |

12. ധനകാര്യ (പി.യു.സി.) വകുപ്പിന്റെ PUC-2/157/2019-Fin നമ്പർ ഫയലിൽ 17/02/2023 ൽ ബഹു. മുഖ്യമന്ത്രി കെ.യു.ആർ.ഡി.എഫ്.സി ജീവനക്കാരുടെ 10, 11 ശമ്പളപരിഷ്കരണങ്ങൾ അനുവദിക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതായി ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

സർക്കാർ ജീവനക്കാർക്ക് സ.ഉ.(അച്ചടി) നം. 7/2016/ഫിൻ തീയതി 20.01.2016 ഉം സ.ഉ.(അച്ചടി) നം. 27/2021/ധന തീയതി 10/02/2021 ഉത്തരവുകൾ പ്രകാരം അനുവദിച്ച പത്താമത്തെയും, പതിനൊന്നാമത്തെയും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.യു.ആർ.ഡി.എഫ്.സി.) ജീവനക്കാർക്ക് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് നൽകാമോ?

1. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ശമ്പളഘടനയുടെ പൊതുചട്ടക്കൂട് അന്തിമമാക്കുമ്പോൾ ആയത് ബാധകമാകുന്നതാണ്;
2. 10-ാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നോഷണലായിരിക്കുന്നതാണ്;
3. 01/07/2019 പ്രാബല്യത്തിൽ 11-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതാണ്.